പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെകാര്യാലയം,
ഹയർസെക്കൻററി വിഭാഗം,
ഹൗസിങ്ബോർഡ്
ബിൽഡിംഗ്,തിരുവനന്തപുരം-1

നംബർ. ICT Cell/1771/3/DGE-HSE/2024 04/06/2024

# സർക്കുലർ

## സ്പോർട്ട്സ് ക്വാട്ട അലോട്ട്മെൻറ് അഡ്മിഷൻ

## വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

സ്പോർട്ട്സ് ക്വാട്ട അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട് കാൻഡിഡേറ്റ് ലോഗിനിലെ Sports Results എന്ന ലിങ്കിലൂടെ അലോട്ട്മെൻറ് റിസൽട്ട് പരിശോധിക്കാവുന്നതാണ്. അലോട്ട്മെൻറ് ലഭിച്ചവർ പ്രസ്തുത പേജിൽ നിന്നും അലോട്ട്മെൻറ് ലെറ്റർ എടുക്കുന്ന ലിങ്കിലൂടെ രണ്ട് പേജുള്ള അലോട്ട്മെൻറ് ലെറ്റർ പരിശോധിച്ച് പ്രവേശനത്തിന് 2024 ജൂൺ 5 ന് രാവിലെ 10 മണിയ്ക്ക് ആരംഭിച്ച് ജൂൺ 7 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ ഹാജരാകേണ്ടതാണ്.

ആദ്യ അലോട്ട്മെന്റിൽ ഒന്നാമത്തെ ഓപ്ഷൻ ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. പ്രവേശന സമയത്ത് അടയ്ക്കേണ്ട ഫീസ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷനു ശേഷം സ്കൂളിൽ അടക്കാവുന്നതാണ്. അലോട്ട്മെൻറ് ലെറ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് മാത്രമെ അടക്കേണ്ടതുള്ളു. മറ്റ് ഓപ്ഷനുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് ഇഷ്ടാനുസരണം താല്കാലിക പ്രവേശനമോ സ്ഥിരപ്രവേശനമോ നേടാം. താല്ക്കാലിക പ്രവേശനത്തിന് ഫീസടക്കേണ്ടതില്ല. താല്ക്കാലികപ്രവേശനം നേടുന്നവർക്ക് ആവശ്യമെങ്കിൽ തെരഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായി റദ്ദാക്കുകയും ചെയ്യാവുന്നതാണ്. ഇതിനുള്ള അപേക്ഷയും പ്രവേശനം നേടുന്ന സ്കൂളിലാണ് നൽകേണ്ടത്. അലോട്ട്മെന്റ് ലഭിച്ചിട്ടും താല്കാലിക പ്രവേശനം നേടാതിരിക്കുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. ആദ്യ അലോട്ട്മെന്റിൽ ഇടം നേടാത്തവർ അടുത്ത അലോട്ട്മെന്റുകൾക്കായി കാത്തിരിക്കുക. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളെല്ലാം നിർദ്ദിഷ്ഠം സമയത്ത് തന്നെ സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകണം.

അലോട്ട്മെൻറ് ലെറ്ററിൻെറ ഒന്നാമത്തെ പേജിൽ ഹാജരാക്കുന്ന രേഖകളുടെ വിവരങ്ങളും പഠനത്തിനായി തിരഞ്ഞെടുക്കുന്ന രണ്ടാം ഭാഷയും രേഖപ്പെടുത്തി വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പ് വച്ചിരിക്കണം. യോഗ്യതാ സർട്ടിഫിക്കറ്റ്, വിടുതൽ സർട്ടിഫിക്കറ്റ് ,സ്വഭാവ സർട്ടിഫിക്കറ്റ് , സ്കോർ കാർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പോർട്ട്സ് മികവുകളുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ. എന്നിവ ഹാജരാക്കണം. **യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും ലഭ്യമാകാത്ത വിദ്യാർത്ഥികൾക്കു അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം** അനുവദിക്കുന്നതാണ്. **പ്രവേശനത്തിനായി വിദ്യാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തിയ സമർപ്പിക്കുന്ന യോഗ്യത തെളിയിക്കുന്ന പകർപ്പുകൾ സ്വീകരിക്കാവുന്നതാണ്.** ആവശ്യമെങ്കിൽ സ്കൂൾ അധികൃതർ ഔദ്യോഗിക വെബ്സൈറ്റിലൂടെ പ്രസ്തുത റിസൾട്ടിൻെറ സാധുത ഉറപ്പാക്കുന്നതാണ്. **പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റിൻെറയും സ്വഭാവ സർട്ടിഫിക്കറ്റിൻേറയും അസ്സൽ നിർബന്ധമായും ഹാജരാക്കിയിരിക്കണം.**

**ജോയിൻറ് ഡയറക്ടർ (അക്കാദമിക്)**